ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ദ്ധനുമായ ഡോ.മൻമോഹൻ സിംഗ് അന്തരിച്ചു; അന്ത്യം ഇന്നലെ രാത്രി ഡൽഹി എയിംസിൽ.

   **Former Prime Minister and Economist Dr. Manmohan Singh passed away; Breathed last at Delhi AIIMS yesterday night.**

2) രാജ്യത്ത് ഏഴ് ദിവസത്തെ ദു:ഖാചരണം; ഇന്നത്തെ സർക്കാർ പരിപാടികൾ റദ്ദാക്കി; കേന്ദ്ര മന്ത്രിസഭാ യോഗം രാവിലെ 11 ന്.

   **Seven days of mourning in the country; Today’s government programs are cancelled; Union cabinet meeting at 11 am.**

3) വിദ്യാഭ്യാസ വിചക്ഷണനും ഭരണതന്ത്രജ്ഞനുമായ അപൂർവ്വം രാഷ്ട്രീയക്കാരിൽ ഒരാളാണ് ഡോ.മൻമോഹൻ സിംഗെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; രാജ്യത്തെ സമ്പദ് വ്യവസ്ഥയിൽ മാറ്റങ്ങൾ കൊണ്ടുവന്ന സാമ്പത്തിക ശാസ്ത്രജ്ഞനെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ; സമുന്നതനായ നേതാവിന്റെ നിര്യാണത്തിൽ രാജ്യം ദു:ഖിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **President Draupadi Murmu said that Dr. Manmohan Singh is one of the rare politicians who is an educationist and a strategist; Vice President Jagdeep Dhankar said that Dr.Manmohan Singh is an economist who brought changes in the country's economy; Prime Minister Narendra Modi said that the country is saddened by the death of a great leader.**

4) മലയാളത്തിന്റെ പ്രിയ കഥാകാരൻ എം.ടി.വാസുദേവൻ നായർക്ക് വിടനൽകി കേരളം. സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു.

Kerala bid farewell to Malayalam's favorite storyteller MT Vasudevan Nair. The funeral was held with full official honours.

5) ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ രണ്ടാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച് ഓസ്ട്രേലിയ.

Australia resumed batting on the second day against India in the Border Gavaskar Trophy Test.

&&&&&&&&&&&&&&&&&&

## MANMOHAN SINGH (INTRO)

മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ദ്ധനും കോൺഗ്രസ് നേതാവുമായ ഡോ.മൻമോഹൻ സിംഗ് അന്തരിച്ചു. 92 വയസായിരുന്നു. വീട്ടിൽ കുഴഞ്ഞ വീണതിനെ തുടർന്ന് ഇന്നലെ രാത്രി 8 മണിയോടെ ഡൽഹി എയിംസിലെ അടിയന്തര ചികിത്സാ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. എന്നാൽ അദ്ദേഹം 9.51 ന് മരിച്ചതായി ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു. ഏതാനും മാസങ്ങളായി ആരോഗ്യസ്ഥിതി നല്ല നിലയിലായിരുന്നില്ല. ഭാര്യ ഗുർഷരൺ കൗർ. മൂന്ന് പെൺമക്കളുണ്ട്. യു.പി.എ സർക്കാരിന്റെ കാലത്ത് 2004 മുതൽ 2014 വരെ രണ്ടുവട്ടം പ്രധാനമന്ത്രിയായിരുന്നു.

നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന ഡോ.മൻമോഹൻസിംഗ് 1991 ൽ സാമ്പത്തിക ഉദാരവത്കരണം കൊണ്ടുവന്നതിന്റെ ശിൽപിയാണ്. 2014 ഫെബ്രുവരി 21-ന് ന്യൂഡൽഹിയിൽ നടന്ന 15-ാം ലോക്സഭയിലെ വിടവാങ്ങൽ പ്രസംഗത്തിൽ അദ്ദേഹം രാഷ്ട്ര പുരോഗതിക്കായി എല്ലാ സാമാജികരും പാർട്ടിക്കതീതമായി പ്രവർത്തിക്കണമെന്ന് അഹ്വാനം ചെയ്തു.

(ഹോൾഡ്)

ഈ വർഷം ഏപ്രിലിലാണ് രാജ്യസഭയിൽ അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയായത്.

&&&&&&&&&&&&&&&&&&

## NATIONAL MOURNING

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് രാജ്യത്ത് 7 ദിവസത്തെ ദു:ഖാചരണം. ഇന്ന് നിശ്ചയിച്ചിരുന്ന എല്ലാ സർക്കാർ പരിപാടികളും റദ്ദാക്കി. സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും. കേന്ദ്ര മന്ത്രിസഭാ യോഗം ഇന്ന് രാവിലെ 11 ന് ചേരും.

&&&&&&&&&&&&&&&&&&

## MANMOHAN – CONDOLENCE

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദു:ഖം രേഖപ്പെടുത്തി. വിദ്യാഭ്യാസവിചക്ഷണനും ഭരണതന്ത്രജ്ഞനുമായ അപൂർവ്വം രാഷ്ട്രീക്കാരിൽ ഒരാൾ ആയിരുന്നു ഡോ.മൻമോഹൻ സിംഗ് എന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ പരിഷ്ക്കരിക്കുന്നതിലും മികച്ച സംഭാവനകൾ നൽകി. രാജ്യത്തെ സാമ്പത്തികരംഗം മാറ്റിമറിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ ആയിരുന്നു ഡോ.മൻമോഹൻ സിംഗ് എന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു. സമുന്നതനായ നേതാവിന്റെ നിര്യാണത്തിൽ രാജ്യം ദു:ഖിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദേശത്തിൽ പറഞ്ഞു. ആഭ്യന്തരമന്ത്രി അമിത്ഷാ, ബി.ജെ.പി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പിനദ്ദ, കോൺഗ്രസ് നേതാക്കളായ ശ്രീ.മല്ലികാർജ്ജുൻ ഖാർഗെ, ശ്രീ.രാഹുൽഗാന്ധി എന്നിവരും അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## MANMOHAN SINGH

സാമ്പത്തിക വിദഗ്ദ്ധൻ എന്ന നിലയിലും ലോകത്തു തന്നെ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് ഡോ.മൻമോഹൻ സിംഗ്.

(ഹോൾഡ്)

## MANMOHAN SINGH PROFILE (INTRO)

അവിഭക്ത ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിലെ ഗ്രാമത്തിൽ ജനിച്ച മൻമോഹൻ സിംഗ്, സിഖ്മതസ്ഥനായ ആദ്യ പ്രധാനമന്ത്രിയും, ഹൈന്ദവ സമുദായത്തിൽ നിന്നുമല്ലാതെ പ്രധാനമന്ത്രിയാവുന്ന ആദ്യത്തെ വ്യക്തിയുമാണ്. റിസർവ് ബാങ്ക് ഗവർണർ എന്നനിലയിൽ ദേശീയതലത്തിലും അന്താരാഷ്ട്ര നാണയനിധി അംഗമെന്ന നിലയിൽ അന്താരാഷ്ട്ര തലത്തിലും ശ്രദ്ധനേടി. കേന്ദ്ര ധനസെക്രട്ടറി, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻഎന്നീ പദവികൾ വഹിച്ച ശേഷമാണ് അദ്ദേഹം കേന്ദ്ര ധനമന്ത്രിയാകുന്നത് .അടിസ്ഥാന ജനവിഭാഗങ്ങളെ ശാക്തീകരിക്കാനായി മികച്ച നയങ്ങൾ ആസൂത്രണം ചെയ്തു. ഉദാര വൽക്കരണത്തിലൂന്നിയുള്ള മികച്ച സാമ്പത്തിക നയങ്ങളിലൂടെ രാജ്യത്തെ മുന്നോട്ടു നയിക്കാൻ അദ്ദേഹത്തിനായി .സമ്മിശ്ര സാമ്പത്തിക വ്യവസ്ഥിതിയിലായിരുന്ന ഇന്ത്യയുടെ സാമ്പത്തിക മേഖലയെ ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനുമായി തുറന്നിടുകയായിരുന്നു അദ്ദേഹം.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## JAISHANKAR – US

വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക് സള്ളിവനുമായി ഇന്നലെ വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യു.എസ് തന്ത്രപരമായ

പങ്കാളിത്തത്തിലെ പുരോഗതിയും നിലവിലെ ആഗോള, മേഖലാതല വിഷയങ്ങളും ചർച്ചാവിഷയമായി. ആറ് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 24 നാണ് ശ്രീ.ജയ്ശങ്കർ യു.എസിലെത്തിയത്. യു.എസ് വിദേശകാര്യ സെക്രട്ടറിയുമായി അദ്ദേഹം ചർച്ച നടത്തും. യു.എസിലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ യോഗത്തിലും ശ്രീ.ജയ്ശങ്കർ സംബന്ധിക്കും.

&&&&&&&&&&&&&&&&&&

## FINAL PRESIDENT-BAL PURASKAR

പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. ഏഴ് വിഭാഗങ്ങളിലായി മികച്ച നേട്ടം കൈവരിച്ച 17 കുട്ടികൾ ഇന്നലെ ഡൽഹിയിൽ നടന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി. പുരസ്കാര ജേതാക്കളായ കുട്ടികളുടെ പ്രവർത്തനങ്ങൾ അസാധാരണവും വിസ്മയകരവുമാണെന്ന് അവരെ അഭിനന്ദിച്ച് കൊണ്ട് രാഷ്ട്രപതി പറഞ്ഞു. ഗുരു ഗോവിന്ദ് സിങ്ങിന്റെ പുത്രന്മാരുടെ സമാനതകളില്ലാത്ത ത്യാഗത്തെയും ധൈര്യത്തെയും ബഹുമാനിക്കുന്നതിനാണ് എല്ലാ വർഷവും വീർ ബാൽ ദിവസ് ആചരിക്കുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

കുട്ടികളുടെ കഴിവുകൾ തിരിച്ചറിയുന്നതും അവസരങ്ങൾ നൽകുന്നതുമാണ് രാജ്യത്തിൻ്റെ പാരമ്പര്യമെന്നും രാഷ്ട്രപതി പറഞ്ഞു. പുരസ്കാര ജേതാക്കളായ കുട്ടികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണ ദേവിയും ആശയവിനിമയം നടത്തി.

&&&&&&&&&&&&&&&&&&

## MT VASUDEVAN NAIR

മലയാളത്തിൻ്റെ പ്രിയപ്പെട്ട കഥാകാരനും ചലച്ചിത്രകാരനുമായ എം.ടി വാസുദേവൻ നായരുടെ

സംസ്കാരച്ചടങ്ങുകൾ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. ഇന്നലെ വൈകുന്നേരം അഞ്ചരയോടെയായിരുന്നു സംസ്കരാചടങ്ങുകൾ പൂർത്തിയായത്. സമൂഹത്തിലെ നാനാതുറയിൽ നിന്നുള്ള ആയിരക്കണക്കിനാളുകൾ കോഴിക്കോടെ വസതിയിൽ എം.ടി വാസുദേവൻ നായർക്ക് അന്തിമോപചാരം അർപ്പിക്കാൻ എത്തി. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ ചലച്ചിത്ര, സാഹിത്യ, സാംസ്കാരിക മേഖലകളിൽ നിന്നുള്ളവർ അദ്ദേഹത്തിന് ആദരം അർപ്പിച്ചു. രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ എംടിയുടെ വിയോഗത്തിൽ അനുശോചിച്ചു.

&&&&&&&&&&&&&&&&&&

## CRICKET-IND-AUS - DAY

മെൽബണിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൻ്റെ ആദ്യ ഇന്നിംഗ്സിന്റെ രണ്ടാം ദിനം ഓസ്ട്രേലിയ ബാറ്റിംഗ് പുനരാരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 7 വിക്കറ്റ് നഷ്ടത്തിൽ 454 റൺസ് എന്ന നിലയിലാണ്. ഇന്നലെ കളി നിർത്തുമ്പോൾ 6 വിക്കറ്റ് നഷ്ടത്തിൽ 311 എന്ന നിലയിലായിരുന്നു ഓസ്ട്രോലിയ. അഞ്ച് മത്സര പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചു.

&&&&&&&&&&&&&&&&&&

## SANTOSH TROPHY (INTRO)

78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളം ജമ്മു കശ്മീരിനെയും മേഘാലയ നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെയും നേരിടും.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് എടപ്പാൾ....**

(വോയിസ്)

ഇതിനിടെ പശ്ചിമബംഗാളും മണിപ്പൂരും സന്തോഷ് ട്രോഫി സെമിഫൈനലിൽ കടന്നു.

&&&&&&&&&&&&&&&&&&

## BADMINTON-KING CUP

ഇന്ന് ചൈനയിലെ ഷെൻസെനിൽ ആരംഭിക്കുന്ന കിംഗ് കപ്പ് അന്താരാഷ്ട്ര ബാഡ്മിൻറൺ ഓപ്പൺ 2024 ൽ ഇന്ത്യയുടെ ലോക പന്ത്രണ്ടാം നമ്പർ താരം ലക്ഷ്യസെൻ മത്സരിക്കും. ഉയർന്ന റാങ്കിലുള്ള മറ്റ് 7 ലോകതാരങ്ങളും മത്സരരംഗത്തുണ്ട്. സിംഗപ്പൂരിന്റെ ലോ കീൻ യൂ, ഫ്രാൻസിന്റെ അലക്സ് ലാനിയർ, ചൈനയുടെ ഹു ഷി അൻ, വാങ്ങ് സി ജുൻ എന്നിവരും ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ മണ്ഡലകാല തീർഥാടനത്തിന് സമാപനം. ഇന്നലെ ഉച്ചയ്ക്കായിരുന്നു മണ്ഡല പൂജ. ഹരിവരാസനം പാടി രാത്രി പത്ത് മണിക്ക് നട അടച്ചു. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30 -ന് നട വീണ്ടും തുറക്കും.

&&&&&&&&&&&&&&&&&&

## SPECIAL TRAINS

എട്ടോളം ശബരി സ്പെഷ്യൽ ട്രെയിനുകൾ വേണ്ടത്ര യാത്രക്കാർ ഇല്ലാത്തതിനെ തുടർന്ന് റദ്ദാക്കിയതായി സൗത്ത് സെൻട്രൽ

റെയിൽവേ അറിയിച്ചു. അതേസമയം ക്രിസ്തുമസ് അവധിയോടനുബന്ധിച്ചുള്ള യാത്രക്കാരുടെ അധിക തിരക്ക് പരിഗണിച്ച് ഇന്ന് ബെംഗളൂരുവിൽ നിന്നും കൊച്ചുവേളിയിലേക്കും തിരിച്ചും പ്രത്യേക ട്രെയിനുകൾ റെയിൽവേ ഏർപ്പെടുത്തി. ഇന്നലെയും ഈ റൂട്ടിൽ പ്രത്യേക ട്രെയിൻ സർവീസുണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

## NHRC TRIBALS

കേരളത്തിൽ തിരുവനന്തപുരം ജില്ലയുടെ പ്രാന്തപ്രദേശങ്ങളിൽ ഗോത്രവർഗ്ഗക്കാരുടെ ആത്മഹത്യകൾ വർധിക്കുന്നതായുള്ള റിപ്പോർട്ടിനെ തുടർന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഈ വർഷം മാത്രം ഏകദേശം 23 മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്നാണിത്. വിഷയത്തിൽ രണ്ടാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും കമ്മീഷൻ നോട്ടീസ് അയച്ചു.

&&&&&&&&&&&&&&&&&&

## GOOD GOVERNANCE CONCLUDES

നാലാമത് സദ്ഭരണവാരം 2024 നും ഗ്രാമങ്ങളിലേയ്ക്കുള്ള ഭരണം പ്രചാരണ പരിപാടിക്കും വിജയകരമായ പരിസമാപ്തി. ഭരണപരിഷ്കാര , പൊതു പരാതി പരിഹാര വകുപ്പ് ആണ് രണ്ട് പരിപാടികളും ഏകോപിപ്പിച്ചത്. പൗര കേന്ദ്രീകൃത ഭരണവും സേവനങ്ങൾ വാതിൽപടിക്കൽ എത്തിക്കുന്നതും ലക്ഷ്യമിട്ടുള്ള രാജ്യത്തെ ഏറ്റവും വലിയ പ്രചാരണ പരിപാടി ഈ മാസം 19 ന് തുടങ്ങി ക്രിസ്മസ് ദിനത്തിലാണ് അവസാനിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&